# പതിമൂന്നാം കേരളനിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 241** — **01.12.2014 -ലെ മറുപടിക്ക്**

## കോഴിക്കോട് നഗരത്തിൽ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എ. പ്രദീപ്കുമാർ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് നഗരത്തിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യുന്നു് വിശദമാക്കുമോ; | (എ) കോഴിക്കോട് നഗരത്തിൽ ക്വട്ടേഷൻ ആക്രമണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 3 വർഷത്തിനിടയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) തുടർച്ചയായി ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇതിനു പരിഹാരം കാണുന്നതിനായി ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (ബി) കോഴിക്കോട് സിറ്റിയിൽ തുടർച്ചയായി ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസ്സുകൾ റിപ്പോർട്ടാകുന്ന മുറയ്ക്ക് ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ, പോലീസ് പട്രോളിംഗ്, ജനമൈത്രി പോലീസ് പദ്ധതി എന്നിവയിലൂടെ പോലീസ് സാന്നിദ്ധ്യം നഗരത്തിൽ ശക്തമായി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ